# ക്വാറി മാഫിയയുടെ പ്രവർത്തനം പ്രകൃതിക്കും ആദിവാസികൾക്കും ഭീഷണിയാകുന്നു

സുനീഷ്

അമ്പലവയൽ: വയനാട്ടിലെ ചീങ്ങേരി ആദിവാസി കോളനി നിവാസികൾക്ക് അനധികൃത കരിങ്കൽ ക്വാറികൾ ഭീഷണിയാവുന്നു. അമ്പലവയൽ പഞ്ചായത്തിലെ 3-ാംവാർഡിലെ 11ക്വാറികളിൽ നിയമാനുസൃതമായവ ഒന്നുമില്ല.

ആദിവാസികൾക്കായി 1957ൽ ആരംഭിച്ച ചീങ്ങേരി ട്രൈബൽ പ്രോജക്ടിൽ 1970ന് ശേഷമാണ് കരിങ്കൽ ക്വാറികൾ പ്രവർത്തനം തുടങ്ങിയത്. ആദിവാസി വിഭാഗങ്ങളായ കുറുമർ,പണിയർ,കാട്ടുനായ്ക്കർ തുടങ്ങി 416 കുടുംബങ്ങളായി 226 ആളുകളുടെ ജീവനും സ്വത്തിനും നേരെ ക്വാറി മാഫിയ വെല്ലുവിളി ഉയർത്തുന്നു.

നിശ്ചിത ദൂരപരിധിക്ക് വിധേയമല്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾ ജാക്കിനാമറുകൾ ഉപയോഗിച്ച് കുഴിയടച്ച് പാറ പൊട്ടിക്കുമ്പോൾ സ്ഫോടനം കോളനിയിലെ വീടുകൾക്ക് നാശനഷ്ടമുണ്ടാക്കുന്നു. അനധികൃതമായ പ്രവർത്തിക്കുന്ന ക്വാറികളിൽ നിന്നും തങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്നാവശ്യപ്പെട്ട് കോളനി നിവാസികൾ ഹൈകോടതിയെ സമീപിച്ചിരുന്നു.കോളനിക്കാരുടെ പരാതി പരിശോധിച്ച് ഒരു മാസത്തിനകം പ്രശ്നം പരിഹരിക്കണമെന്ന് നിർദേശിച്ച് ഹൈക്കോടതി നോട്ടീസ് അയച്ചെങ്കിലും നോട്ടീസിൽ പറഞ്ഞ പ്രകാരം നടന്നില്ലെന്നാണ് ആദിവാസികളുടെ പരാതി.

ക്വാറികൾ പ്രവർത്തിക്കുന്നതിനാൽ കോളനിയിലെ റോഡുകൾ തകർന്നു കിടക്കുകയാണ്. ഇത് ക്വാറി റോഡാണെന്നാണ് പഞ്ചായത്തധികൃതരുടെ വാദം.എന്നാൽ ക്വാറി ആരംഭിച്ച 1970നു മുമ്പ് തന്നെ കോളനിയിൽ താമസക്കാർ ഉണ്ടായിരുന്നു എന്നതിനാൽ എങ്ങനെ ഇത് ക്വാറി റോഡാകുമെന്ന് ആദിവാസികൾ ചോദിക്കുന്നു. ഇതിന് അധികൃതരുടെ മറുപടിയുമില്ല.

ക്വാറി മാഫിയയുടെ പ്രവർത്തനം കൊണ്ട്. പൊറുതിമുട്ടിയ ആദിവാസികൾ അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെയും ഇവയ്ക്ക് നിയമസാധ്യത നല്കിയ ഉദ്യാഗസ്ഥർക്കെതിരെയും ഹൈക്കോടതിയെ സമീപിക്കാനൊരുങ്ങുകയാണ്.

പ്രകൃതിയിൽ നിന്നും എത്ര തന്നെ തിരിച്ചടിയുണ്ടായാലും പ്രകൃതി വിരുദ്ധ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകും എന്ന് പ്രതിജ്ഞയെടുത്ത അധികൃതർക്കെതിരെ നിയമയുദ്ധം മാത്രം മതിയാകുമോ?